"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - ശ്രീമതി. മിനി.പി.എഫ്,എ.എസ്.ഐ-ക്ക് തൃശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ **19-**ാം നമ്പർ ഫാമിലി ക്വാർട്ടേഴ്സിൽ **01.04.2025** മുതൽ **30.09.2025** വരെ, **6** മാസത്തേക്ക് കൂടി,തുടർതാമസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര(ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1988/2025/HOME തീയതി,തിരുവനന്തപുരം, 16-06-2025

പരാമർശം:-
1. ശ്രീമതി.മിനി.പി.എഫ്,എ.എസ്.ഐ-യുടെ **28.02.2025** ലെ അപേക്ഷ
2. സംസ്ഥാന പോലീസ് മേധാവിയുടെ 25.04.2025 ലെ H14-68722/2025/PHQ നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി മിനി.പി.എഫ്,,എഎസ്ഐ,കേരള പോലീസ് അക്കാദമി (കെഐപിഎ) , തൃശൂർ സിറ്റിയിലെ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ ഫാമിലി ക്വാർട്ടേഴ്സ് നമ്പർ **19**-ൽ താമസിച്ച് വരുന്നതായും, സർക്കാർ ഉത്തരവ് പ്രകാരം ടിയാന് ക്വാർട്ടേഴ്സിൽ **31.03.2025** വരെ തുടർതാമസം അനുവദിച്ചിട്ടുണ്ടെന്നും ഇപ്പോൾ ടി ക്വാർട്ടേഴ്സിൽ **6** മാസത്തേക്ക് കൂടി തുടർതാമസം അനുവദിക്കുന്നതിനായി ടിയാൻ പരാമർശം **(1)** പ്രകാരം അപേക്ഷ സമർപ്പിച്ചതായും, തുടർന്ന് ക്വാർട്ടേഴ്സ് അനുവദിക്കുന്നതിനുള്ള അപേക്ഷകളൊന്നും ഇപ്പോൾ പെൻഡിംഗ് ഇല്ലെന്നും **30.09.2025** വരെ ക്വാർട്ടേഴ്സിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകാമെന്നും തൃശൂർ സിറ്റി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തതായും ആയതിനാൽ ശ്രീമതി മിനി.പി.എഫ്., എ.എസ്.ഐ., (കെ.ഇ.പി.എ). യ്ക്ക് തൃശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ **19-**ാം നമ്പർ ഫാമിലി ക്വാർട്ടേഴ്സിൽ **01.04.2025** മുതൽ **30.09.2025** വരെ, **6** മാസത്തേക്ക് കൂടി, തുടർ താമസം അനുവദിക്കാവുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശം **(2)** പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചു.

**2.**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരാമർശം **(1)** ലെ അപേക്ഷയുടെയും പരാമർശം **(2)**ലെ സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, ശ്രീമതി.മിനി.പി.എഫ്. എ.എസ്.ഐ.ക്ക് തൃശൂർ ഈസ്റ്റ് പോലീസ് സ്റ്റേഷനിലെ **19-**ാം നമ്പർ ഫാമിലി ക്വാർട്ടേഴ്സിൽ

**01.04.2025** മുതൽ **30.09.2025** വരെ, **6** മാസത്തേക്ക് കൂടി, മറ്റ് അർഹമായ അപേക്ഷകർ വന്നാൽ ക്വാർട്ടേഴ്സ് ഒഴിഞ്ഞ് നൽകണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർ താമസം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷമീം മുഹമ്മദ് ബി എം

അണ്ടർ സെക്രട്ടറി

1.സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.

**2.** പോലീസ് കമ്മീഷണർ, തൃശൂർ സിറ്റി

**3.**ശ്രീമതി മിനി.പി.എഫ്., എ.എസ്.ഐ( പോലീസ് കമ്മീഷണർ, തൃശൂർ സിറ്റി മുഖേന)

**4.**കരുതൽ ഫയൽ( **HOME-D3/78/2025-HOME** )

ഉത്തരവിൻ പ്രകാരം

Signed by
Santhosh Mon T
Date: 16-06-2025 14:23:25

സെക്ഷൻ ഓഫീസർ

പകർപ്പ്,

**1.**ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്,

**2.**അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്